## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2797 17/06/2019 -ലെ മറുപടിക്ക്.

## കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ക്രമക്കേടുകൾ

ചോദ്യം

**ശ്രീ.മഞ്ഞളാംകുഴി അലി:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മലപ്പുറം ഓഫീസിൽ ക്ഷേമനിധിതുക തട്ടിയെടുക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ബോർഡിലെ ഉദ്യോഗസ്ഥരുടെ ഒപ്പുകൾ വ്യാജമായി ഇട്ട് വ്യാജ രേഖകൾ ചമയ്ക്കുകയും, ആഫീസിൽ നിന്നും നഷ്ടപ്പെട്ട രശീത് ബുക്കിലെ താളുകൾ ഉപയോഗിച്ച് തൊഴിലാളികളിൽ നിന്നും അംശദായ തുക കൈക്കലാക്കുകയും തൊഴിലാളികളുടെ അംശദായ പാസ് ബുക്കുകളിൽ പണം അടവാക്കിയതായി കളവായി രേഖപ്പെടുത്തി അന്യായമായി നഷ്ടം വരുത്തുകയും ചെയ്തിട്ടുണ്ടെന്ന വിഷയത്തിൽ മലപ്പുറം ജില്ലാ ആഫീസിലെ താൽക്കാലിക ജീവനക്കാരിയെ പ്രതിയാക്കി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ പോലീസിൽ പരാതിപ്പെടുകയുണ്ടായി. തുടർന്ന് പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും Cr.136/2019 u/s 420, 465, 468, 471 IPC നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചീഫ് ആഫീസിൽ നിന്നും ആഭ്യന്തര പരിശോധന നടത്തുന്നതിലേയ്ക്കായി അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ക്ഷേമനിധിയിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് അനധികൃതമായി അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിന്മേൽ സ്വീകരിച്ച | (ബി) | ഉണ്ട്. ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ആഫീസിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് അനധികൃതമായി അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചീഫ് ആഫീസിൽ നിന്നും ആഭ്യന്തര പരിശോധന നടത്തുന്ന |

| | | | |
|---|---|---|---|
| | നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | | തിലേയ്ക്കായി അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. |
| (സി) | ക്ഷേമനിധി ബോർഡിന്റെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് ആവശ്യമായ കർശനനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ബോർഡിൽ ക്രമക്കേടുകൾ നടക്കുന്നില്ല എന്നുറപ്പ വരുത്തുന്നതിലേയ്ക്കായി ബോർഡിൽ നിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനു മുൻപായി അപേക്ഷകൻ സജീവ അംഗ തൊഴിലാളിയാണോയെന്നും കൃത്യമായി പുതുക്കൽ നടത്തിയിട്ടുണ്ടോയെന്നും അംശദായ കുടിശ്ശിക വരുത്തിയിട്ടില്ലായെന്നും അനധികൃതമായി അംഗത്വ പുനഃസ്ഥാപനം നടത്തിയിട്ടില്ലായെന്നും പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്ക് മാത്രം ആയിരിക്കുമെന്നും ഇത്തരത്തിൽ ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ജില്ലാ എക്സിക്യൂട്ടീവ് ആഫീസറിൽ നിന്നും ഈടാക്കുന്നതാണെന്നും എല്ലാ ആഫീസർ മാർക്കും സർക്കുലർ മുഖേന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ